**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6120** **09-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ പെൻഷൻ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണം, ക്ഷാമബത്ത അനുവദിക്കൽ എന്നിവ സംബന്ധിച്ച് ആരെങ്കിലും കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടോ; എങ്കിൽ ഹൈക്കോടതിയിൽ നിന്നും എന്തെങ്കിലും ഉത്തരവ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരള പ്രൈമറി കോ-ഓപ്പറേറ്റീവ് സർവീസ് പെൻഷണേഴ്സ് അസോസിയേഷൻ ബഹു.കേരള ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ഹൈക്കോടതി വിധി അനുസരിച്ച് കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിനേയും പരാതിക്കാരെയും കേട്ട ശേഷം പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം സഹകരണ പെൻഷൻ പദ്ധതി കാലോചിതമായി പുനഃക്രമീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും വേണ്ടി വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിട്ടയേർഡ് ജില്ലാ ജഡ്ജി അദ്ധ്യക്ഷനായ സമിതിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. സമിതിയംഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>• ശ്രീ.എം.രാജേന്ദ്രൻ നായർ (റിട്ട.ജില്ല ജഡ്ജി) - ചെയർമാൻ<br>• ചെയർമാൻ, കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് - അംഗം<br>• ശ്രീ.പ്രശോഭൻ.കെ.വി. (റിട്ട.സഹകരണ അഡീഷണൽ രജിസ്ട്രാർ) - അംഗം<br>• ശ്രീ.ബാലസുബ്രഹ്മണ്യൻ എൻ. (ചാർട്ടേഡ് അക്കൗണ്ടന്റ്) - അംഗം<br>• സെക്രട്ടറി, കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ്- കൺവീനർ |
| (ബി) | പ്രസ്തുത കേസ് ആരാണ് ഫയൽ ചെയ്തത്; ഹൈക്കോടതി നിർദേശപ്രകാരം ഒരു ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് പ്രസ്തുത കമ്മീഷനിലെ അംഗങ്ങൾ; വിശദമാക്കാമോ; | (ബി) | കേരള പ്രൈമറി കോ-ഓപ്പറേറ്റീവ് സർവീസ് പെൻഷണേഴ്സ് അസോസിയേഷൻ ബഹു.കേരള ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ഹൈക്കോടതി വിധി അനുസരിച്ച് കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ |

| | | | |
|---|---|---|---|
| | | | പെൻഷൻ ബോർഡിനേയും പരാതിക്കാരെയും കേട്ട ശേഷം പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം സഹകരണ പെൻഷൻ പദ്ധതി കാലോചിതമായി പുനഃക്രമീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും വേണ്ടി വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിട്ടയേർഡ് ജില്ലാ ജഡ്ജി അദ്ധ്യക്ഷനായ സമിതിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. സമിതിയംഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• ശ്രീ.എം.രാജേന്ദ്രൻ നായർ (റിട്ട.ജില്ല ജഡ്ജി) - ചെയർമാൻ<br>• ചെയർമാൻ, കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് - അംഗം<br>• ശ്രീ.പ്രശോഭൻ.കെ.വി. (റിട്ട.സഹകരണ അഡീഷണൽ രജിസ്ട്രാർ) - അംഗം<br>• ശ്രീ.ബാലസുബ്രഹ്മണ്യൻ എൻ. (ചാർട്ടേഡ് അക്കൗണ്ടന്റ്) - അംഗം<br>• സെക്രട്ടറി, കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ്- കൺവീനർ |
| (സി) | ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ട് സർക്കാരിനോ പെൻഷൻ ബോർഡിനോ കിട്ടിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ; | (സി) | കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടില്ല. |
| (ഡി) | ഈ കമ്മീഷന് വേണ്ടി പെൻഷൻ ബോർഡിൽ നിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; സഹകരണ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതോടൊപ്പം സഹകരണ പെൻഷൻകാരുടെ പെൻഷൻ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | 22.8.2023 തീയതിയിലെ സ.ഉ.(സാധാ)നം. 506/2023/സഹ ഉത്തരവ് പ്രകാരം സമിതി അദ്ധ്യക്ഷൻ ശ്രീ.എം.രാജേന്ദ്രൻ, അംഗങ്ങളായ ശ്രീ.പ്രശോഭൻ കെ.വി., ശ്രീ.ബാലസുബ്രഹ്മണ്യൻ എൻ. എന്നിവർക്ക് 50,000/- രൂപ വീതം ഹോണറേറിയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശാനുസരണം പെൻഷൻ പദ്ധതിയുടെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് Prime Acturial Solutions എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന്റെ ചെലവിനത്തിൽ ടാക്സ് ഉൾപ്പെടെ 1,77,000/- രൂപ അനുവദിച്ചിട്ടുണ്ടെന്നും മറ്റ് ചെലവുകൾ കണക്കാക്കിയിട്ടില്ലെന്നും സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.<br><br>കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. |

| | | | |
|---|---|---|---|
| (ഇ) | സഹകരണ പെൻഷൻ ബോർഡിൽ പെൻഷൻകാരുടെ പ്രതിനിധികളെ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ; സഹകരണ പെൻഷൻ പദ്ധതിയിലെ സ്വാശ്രയം എന്ന വിശേഷണം ഒഴിവാക്കി പകരം സർക്കാർ പങ്കാളിത്തം ഉറപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ; | (ഇ) | സഹകരണ പെൻഷൻ ബോർഡിൽ പെൻഷൻകാരുടെ പ്രതിനിധിയെ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. പെൻഷൻ ബോർഡ് മുഖാന്തിരം നിലവിൽ നടപ്പാക്കി വരുന്ന പദ്ധതികൾ എല്ലാം തന്നെ സ്വാശ്രയ പദ്ധതികളാണ്. പദ്ധതിയുടെ പേരിൽ നിന്നും സ്വാശ്രയം എന്ന പദം ഒഴിവാക്കി സർക്കാർ പങ്കാളിത്തം അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |
| (എഫ്) | പ്രാഥമിക സഹകരണ പെൻഷൻകാരുടെ പെൻഷൻ പദ്ധതി കാലോചിതമായി പരിഷ്കരിക്കാൻ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (എഫ്) | പെൻഷൻ പദ്ധതി കാലോചിതമായി പുനഃക്രമീകരിക്കുന്നതും പരിഷ്കരിക്കുന്നതും സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ